ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ):

(എ) ലോകബാങ്കിന്റെ ധനസഹായത്തോടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് "കേരള സെക്കന്ററി ഹെൽത്ത് സിസ്റ്റം ഡെവലപ്പ്മെന്റ് പ്രോജക്ട്" എന്ന പദ്ധതിയാണ്. പ്രസ്തുത പദ്ധതി ലോകബാങ്കിന്റെ സജീവ പരിഗണനയിലാണ്.

(ബി) ലോകബാങ്കുമായി ചർച്ചകൾ നടന്നുവരുന്നതേയുള്ളൂ. വ്യവസ്ഥകൾ സംബന്ധിച്ച് അന്തിമ രൂപമായിട്ടില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) വ്യവസ്ഥകൾ സംബന്ധിച്ച് ചർച്ചകൾ നടന്നുവരുന്നതേയുള്ളൂ. അന്തിമ തീരുമാനമായിട്ടില്ല. 810.468 കോടി രൂപയുടെ പദ്ധതിയാണ് സംസ്ഥാന സർക്കാർ സമർപ്പിച്ചിട്ടുള്ളത്.

മോർച്ചറികൾ ആധുനികവൽക്കരിക്കാൻ നടപടി

*6 [386] ശ്രീ. ജോർജ്ജ് ജെ. മാത്യു:

പ്രൊഫ. എ. ഡി. മുസ്തഫ:

ശ്രീമതി മാലേത്ത് സരളാദേവി:

ശ്രീ. എൻ. ഡി. അപ്പച്ചൻ:

,, ലൂഡി ലൂയിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ ആശുപത്രികളോടനുബന്ധിച്ച് പണി തീർന്നിട്ടുള്ള എത്ര മോർച്ചറി കെട്ടിടങ്ങൾ ഉദ്ഘാടനം ചെയ്യാതെയുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) തിരുവനന്തപുരം മെഡിക്കൽ കോളേജാശുപത്രിക്കുവേണ്ടി പണിത മോർച്ചറി കെട്ടിടത്തിന്റെ പണി എന്ന് പൂർത്തിയായി എന്ന് അറിയിക്കുമോ;

(സി) ഇവിടെ ആധുനിക സജ്ജീകരണങ്ങളും എംബാമിംഗും ഏർപ്പെടുത്തുവാൻ ഉദ്ദേശ്യമുണ്ടോ; എങ്കിൽ അവ ഏർപ്പെടുത്തിയോ എന്ന് വ്യക്തമാക്കാമോ;

(ഡി) ഈ കെട്ടിടത്തിൽ മൃതദേഹങ്ങൾ സൂക്ഷിക്കുവാൻ വേണ്ട സൗകര്യങ്ങൾ ഉണ്ടോ;

(ഇ) ഈ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ചെലവ് വഹിക്കുന്നത് ആശുപത്രി വികസന ഫണ്ടിൽ നിന്നാണോ എന്ന് വെളിപ്പെടുത്താമോ; എങ്കിൽ എന്തു തുക വരും എന്ന് അറിയിക്കാമോ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ):

(എ) സംസ്ഥാനത്ത് സർക്കാർ ആശുപത്രികളോടനുബന്ധിച്ച് പണി പൂർത്തിയായി, ഉദ്ഘാടനം ചെയ്യപ്പെടാത്ത മോർച്ചറി കെട്ടിടങ്ങളുടെ ലിസ്റ്റ് താഴെ ചേർക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

1. ഗവൺമെന്റ് ആശുപത്രി, നെടുമ്പന, കൊല്ലം ജില്ല.
2. സാമൂഹികാരോഗ്യ കേന്ദ്രം, നെടുങ്ങോലം (രാമറാവു ആശുപത്രി), കൊല്ലം.
3. പ്രാഥമികാരോഗ്യ കേന്ദ്രം, പാരിപ്പള്ളി, കൊല്ലം.
4. ഹരിപ്പാട് താലൂക്ക് ആശുപത്രി, ആലപ്പുഴ ജില്ല.
5. പ്രാഥമികാരോഗ്യ കേന്ദ്രം, പല്ലാരിമംഗലം, എറണാകുളം ജില്ല.
6. താലൂക്ക് ആശുപത്രി, വടക്കാഞ്ചേരി, തൃശ്ശൂർ ജില്ല.
7. സാമൂഹികാരോഗ്യ കേന്ദ്രം, താമരശ്ശേരി, കോഴിക്കോട്.
8. സാമൂഹികാരോഗ്യ കേന്ദ്രം, കുറ്റ്യാടി, കോഴിക്കോട്.
9. ഗവൺമെന്റ് ആശുപത്രി, മഞ്ചേശ്വരം, കാസർഗോഡ്.

മെഡിക്കൽ കോളേജിനോടനുബന്ധിച്ച് മോർച്ചറി കെട്ടിടങ്ങൾ ഒന്നുംതന്നെ ഉദ്ഘാടനം ചെയ്യുവാനില്ല.

(ബി) 1988 മാർച്ചിൽ പണി പൂർത്തിയായി.

(സി) ഇവിടെ ആധുനിക സജ്ജീകരണങ്ങളും എംബാമിംഗും ഏർപ്പെടുത്തിയിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) ആശുപത്രി വികസന സമിതി ഫണ്ടിൽ നിന്നാണ് ഇതിനുള്ള ചെലവ് വഹിച്ചത്. 5.70 ലക്ഷം രൂപ ഇതിനായി ചെലവായി.

നിയോജകമണ്ഡലങ്ങളുടെ പുനർനിർണ്ണയം

*7 [387] ശ്രീ. കെ. എൻ. എ. ഖാദർ:

,, സി. ടി. അഹമ്മദ് അലി:

,, പി. കെ. അബ്ദുറബ്ബ്:

,, വി. കെ. ഇബ്രാഹിംകുഞ്ഞ്:

,, പി. കെ. കെ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അസംബ്ളി നിയോജക മണ്ഡലങ്ങളുടെ പുനർവിഭജനം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇതു സംബന്ധിച്ചുള്ള പ്രൊപ്പോസലിന്റെ കരട് ലഭ്യമാക്കാമോ; പുനർവിഭജനം അടുത്ത നിയമസഭാ തെരഞ്ഞെടുപ്പിന് മുമ്പ് സാദ്ധ്യമാകുമോ എന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly